പരദേശ പ്രയാണമോ ക്ലേശം നിറഞ്ഞതത്രേ

സ്വന്തദേശം പൂകീടുവാൻ എൻമനം കാംക്ഷിക്കുന്നു

പ്രാവിനുള്ളപോൽ ചിറകുണ്ടെങ്കിൽ

പറന്നുപോയ് ഞാൻ വിശ്രമിച്ചീടും

തീരാത്ത കഷ്ടങ്ങളും തോരാത്ത കണ്ണുനീരും

ഈ ദേശം തന്നീടുമ്പോൾ  ആ ദേശം ഭാഗ്യദേശം

പ്രാവിനു...2

എൻ രക്ഷകനാം യേശുവെ ക്രൂശിച്ചതാം ഈ ലോകം

എനിക്കും യോഗ്യമല്ല പറന്നുപോയിടും ഞാൻ

പ്രാവിനു...2

പിതാവാകും ദൈവത്തെയും സർവ്വ വിശുദ്ധന്മാരേയും

എൻ്റെ പൊന്നുകർത്താവിനേം ഞാൻ കാണും  ആ ദേശത്തിൽ

പ്രാവിനു...

paradesha prayaanamo klesham niranjadathre

svanthadesham pookeeduvaan enmanam kaamkshikkunnu

praavinullapol chirakundenkil

parannupoyi njaan vishramiccheedum -2

theeraattha kashtangalum thoraattha kannuneerum

ee desham thanneedumbol aa desham bhaagyadesham -2          praavinu ....2

en̽ rakshakanaam yeshuve krooshicchathaam ee lokam

enikkum yogyamalla parannupoyidum njaan̽ –2 praavinu ….2

pithaavaakum daivattheyum sar̽vva vishuddhanmaareyum

ente ponnukar̽tthaavinem njaan̽ kaanum aa deshatthil̽ –2 praavinu ….2